കേരള സർക്കാർ

# പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി14)46/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 17.01.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ് :-</u>
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.14)46/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 17.01.2017

# എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 8.04.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി. സുരേഷ് രാജു ,<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.01.2017 മുതൽ 10.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കിഷോർതോമസ്.എം.,ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ.) |
| | ബെന്നി സെബാസ്റ്റ്യൻ , ഓഡിറ്റർ |
| | ജോഷി തോമസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | താഹിറ അലിയാർ | 1.04.2015 | 18.11.2015 |
| | ഷംസുദീൻ മക്കാർ | 19.11.2015 | 31.03.2016 |
| വൈസ് പ്രസിഡന്റ് | പി.കെ. മൊയ്തു, | 1.04.2015 | 18.11.2015 |
| | നിസാമുൾ സിദ്ദിഖ് | 19.11.2015 | 31.03.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | റംല അബ്ദുൾകലാം | 1.4.2015 | 30.11.2015 |
| | പി. കെ. മൊയ്തു | 1.12.2015 | 31.03.2016 |
| ക്ഷേമകാര്യം | ബോബൻ ജേക്കബ് | 1.4.2015 | 30.11.2015 |
| | ആമിന ഹസ്സൻകുഞ്ഞ് | 1.12.2015 | 31.03.2016 |
| വിദ്യാഭ്യാസം & ആരോഗ്യ കാര്യം | നബീസ ജമാൽ | 1.4.2015 | 30.11.2015 |
| | പി.എം. സിദ്ദിഖ് | 1.12.2015 | 31.03.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | വി എസ് കലാമണി | 1.4.2015 | 27.7.2015 |
| | എം.എം. ഷംസുദീൻ | 28.7.2015 | 31.03.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | എസ് സുധാദേവി | 1.4.2015 | 31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ദീന അബ്രഹാം | 1.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.റോബിൻ.കെ.ജോസഫ് | 1.04.2015 | 12.07.2015 |
| | ഡോ. മിനി സി.ആർ. | 13.07.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ . ലിൻസി നൈനാൻ | 1.04.2015 | 27.1.2016 |
| | ഡോ. അനൂപ് തുളസി | 28.1.2016 | 31.3.2016 |
| മെഡിക്കൽ ഓഫീ സർ (ഹോമിയോ) | ഡോ.സ്മിത കെ മോഹൻ | 1.04.2015 | 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വൽസല പി എം | 1.04.2015 | 23.8.2015 |
| | വി.എ. റഷീദ് | 24.8.2015 | 31.3.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പല്ലാരിമംഗലം) | മൃദുൽ മോഹൻ | 1.04.201 5 | 18.12.2015 |
| | ഷൈജ്ജ പോൾ | 19.12.2015 | 31.03.2016 |
| ഹെഡ് മാസ്റ്റർ, ഗവ.യു പി സ്കൂൾ | ലീല ഇ കെ | 1.04.2015 | 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ. സമീറ ഇബ്രാഹിം | 1.04.2015 | 31.03.2016 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | കെ പി ഷൈലജ | 1.04.2015 | 31.03.2016 |

ഉള്ളടക്കം



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം - 2 | |
| 13 | മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുന്നില്ല | 2-1 |
| 14 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്-നഷ്ടം ₹.5511/- | 2-2 |
| 15 | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല | 2-3 |
| | ഭാഗം – 3 | |
| 16 | ക്ഷേമ പെൻഷനുകൾ – ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല – അപാകതകൾ | 3-1 |
| 17 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹിച്ച പ്രോജക്ടിലെ അപാകത – ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 |
| 18 | വി.ഇ.ഒ.നിർവ്വഹിച്ച പ്രോജക്ടിലെ അപാകത – ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 |
| 19 | റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിലെ അപാകതകൾ | 3-4 |
| 24 | വെളിയം കുന്ന് കമ്മ്യൂണിറ്റി ഹാളിനടുത്ത് യുവജന കേന്ദ്രം നിർമിച്ചതിലെ അപാകത നഷ്ടം – ₹.17643/- | 3-5 |
| | ഭാഗം - 4 | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 33 | ഓഡിറ്റ് സാക്ഷ്യപത്രം - 2015-16 | അനുബന്ധം-1 |
| 34 | ബാലൻസ് ഷീറ്റ് - 2015-16 | അനുബന്ധം-2 |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16 | അനുബന്ധം-3 |
| 36 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2015-16 | അനുബന്ധം-4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 26.3.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | അക്കൗണ്ടസ് പ്രകാരം | വ്യത്യാസം | വ്യത്യാസത്തിന്റെ ശതമാനം |
|---|---|---|---|---|
| വരവ് | 6,09,39,400 | 2,42,67,181 | 3,66,72,219 | 39.82% |
| ചെലവ് | 6,02,66,850 | 3,17,43,880 | 2,85,22,970 | 52.67% |

പ്രതീക്ഷിത വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ അന്തരമുണ്ട്. സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ വരവ്-ചെലവും, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവും ഉൾപ്പെടെയാണ് ബജറ്റിൽ പഞ്ചായത്തിന്റെ ആകെ പ്രതീക്ഷിത വരവ്-ചെലവ് കണക്കാക്കുന്നത്. എന്നാൽ സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.ടി. (ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ) പ്രകാരവും, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഇ.എഫ്.എം.എസ് വഴിയും ആയതിനാൽ ആയവയുടെ കണക്കുകൾ യഥാർത്ഥ വരവ്-ചെലവ് കണക്കാക്കുമ്പോൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായി വരുന്നില്ല. പ്രതീക്ഷിത വരവ്-ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിലുള്ള ഗണ്യമായ വ്യത്യാസത്തിന് ഒരു കാരണം ഇതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 06.08.2016 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ

## വിവരം.

ധനകാര്യ പത്രിക പരിശോധിച്ചു, അപാകതകളില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 99,14,025 |
| വരവ് | 2,42,67,181 |
| ആകെ | 3,41,81,206 |
| ചെലവ് | 3,17,43,880 |
| നീക്കിബാക്കി | 24,37,326 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് വരവ് തുക | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1887354 | 2317979 | 2168788 | 6374121 | 4056142 | 2317979 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 148719 | 0 | 793567 | 942286 | 900307 | 41979 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 131113 | 0 | 6996000 | 7127113 | 7020089 | 107024 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 177129 | 0 | 2320000 | 2497129 | 2288756 | 208373 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1146936 | 0 | 2622232 | 3769168 | 3044254 | 724914 | 0 |
| ലോക ബാങ്ക് സഹായം | 1850344 | 0 | 1404545 | 3254889 | 1703803 | 1551086 | 0 |
| MGNREGS | 72565 | 0 | 5831326 | 5903891 | 5903891 | 0 | 0 |
| ബി ഫണ്ട് | 0 | 9735140 | 0 | 9735140 | 9735140 | 0 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 76 | 14836103 | 53 | 12797355 | 11 | 12 | 69.73 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

1. വീട് വൈദ്യുതീകരണം എസ്. സി. പി.(പ്രൊജക്ട് നം. 41)
2. പട്ടിക വർഗമേഖലയിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമാണം( പ്രൊജക്ട് നം. 60)
3. എസ്. സി. കോളനികളിൽ സൗരോർജ തെരുവു വിളക്ക് സ്ഥാപിക്കൽ( പ്രൊജക്ട് നം. 107)
4. ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ- വനിത-ജനറൽ( പ്രൊജക്ട് നം. 19)
5. ബയോഗ്യാസ് പ്ലാൻറ് ജനറൽ( പ്രൊജക്ട് നം. 43)
6. മടിയൂർ അങ്കണവാടിയിലേക്ക് വാട്ടർ കണക്ഷനെടുക്കുന്നത് തുക അടവാക്കൽ( പ്രൊജക്ട് നം. 124)

*(പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലെ നേട്ടങ്ങളും, കോട്ടങ്ങളും വിശകലനം ചെയ്തത് ഉൾപ്പെടെ)*

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.53% കുറവാണുണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2297461 | 2217473 | -79988 | -3.5 |
| നികുതിയേതര വരവുകൾ | 310396 | 290589 | -19807 | -6.38 |
| മറ്റുവരവുകൾ | 17011 | 11012 | -5999 | -35.27 |
| ആകെ | 2558188 | 25190474 | -39114 | -1.53 |

പഞ്ചായത്തിന്റെ മൊത്തം തനത് വരുമാനത്തിൽ 1.53% കുറവ് കാണിക്കുന്നതിന് കാരണം നികുതി വരുമാനത്തിൽ കുറവ് വന്നത് കൊണ്ടാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പൊതുവെ തനത് വരുമാനം കുറവായ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിൽ വരും വർഷങ്ങളിൽ നികുതി-നികുതിയേതര വരുമാനത്തിൽ പുരോഗതി കൈവരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 96,240 | 51 |
| കർഷകതൊഴിലാളി പെൻഷൻ | 21,10,620 | 225 |
| വിധവാപെൻഷൻ | 41,15,920 | 402 |
| വാർദ്ധക്യകാലപെൻഷൻ | 12,82,020 | 460 |
| വികലാംഗപെൻഷൻ | 18,59,940 | 156 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 90,400 | 8 |
| വിവാഹ ധനസഹായം | 1,80,000 | 6 |

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.ടി. (ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ) വഴിയാണ് നൽകി വരുന്നത്.

# 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

(ആസ്തി സംരക്ഷണം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, മേൽ നോട്ടം, ഫ്രണ്ട് ഓഫീസ് സംവിധാനം, പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ, ഓഫീസ് യോഗങ്ങൾ, ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ മുതലായവ സംബന്ധിച്ച് പ്രസക്തമായവ)

സെക്ഷനുകളിൽ എത്തുന്ന തപാലുകൾ ഫയൽ ആകുന്നതും അവയിലെ നടപടി, തീർപ്പാക്കൽ എന്നിവയും നിരീക്ഷിക്കുന്നതിന് പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ചുള്ള പരിശോധനയിൽ താഴെപ്പറയുന്നവ ശ്രദ്ധയിൽപ്പെട്ടു
ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

പേഴ്സണൽ രജിസ്റ്റർ : തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഫീസ് മീറ്റിംഗ് മിനുട്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്.യോഗ തീരുമാനങ്ങൾ/അഭിപ്രായങ്ങൾ മിനുട്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ: ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്.ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്ററുകളുടെ സൂക്ഷിപ്പ് : ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിററ് രജിസ്ററർ, ആസ്തി രജിസ്ററർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പരാതി രജിസ്ററർ എഴുതി പരിപാലിക്കുന്നതായി കാണുന്നില്ല.

# 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.2017 ന് 3.30 pm-ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7260/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 141 | 1 | 1322 | 1464 | 650 | 580 | 2668 | 20 | 20300 | 22988 | 16 |

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 72,562 |
| തൻവർഷ വരവ് | EFMS | 55,01,227 | 57,58,761 |
| | ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | 2,57,534 | |
| ആകെ വരവ് | | | 58,31,326 |
| ചെലവ് | EFMS | 55,01,227 | 58,31,326 |
| | ഭരണച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | 3,30,099 | |
| നീക്കിയിരിപ്പ് | | | 0 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 119 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 116 |

| ക്രമ നമ്പർ | ചെയ്ത പ്രവർത്തികളുടെ തരം | ചെലവഴിച്ച തുക |
|---|---|---|
| 1 | ഭൂവികസന പ്രവർത്തികൾ | 20,54,000 |
| 2 | കനാൽ പ്രവർത്തികൾ | 2,87,000 |
| 3 | കുടിവെള്ള കിണർ | 17,000 |
| 4 | കാന നിർമാണവും പുനരുദ്ധാരണവും | 18,07,000 |

# 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2016മുതൽ 14.11.2016വരെ | 2016 ഒക്ടോബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.02.2006 മുതൽ 18.02.2006 | 1997-98 മുതൽ 2004-05 | 10.04.2006 |

# 1-13 ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ച തുക - ₹.320/-

തൊഴിൽ രഹിത വേതനം അധികം നൽകിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.12) അടിസ്ഥാനത്തിൽ ₹.120/- രസീത് നം. 11601102221 dt. 6.1.2017 ൽ അടവാക്കി.
ഡി.&ഒ. ലൈസൻസ് കുറവായി അടവാക്കിയതിനെ തുടർന്ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.8) അടിസ്ഥാനത്തിൽ ₹.200/- രസീത് നം. 11601102220 dt. 6.1.2017 ആയി അടവാക്കി.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുന്നില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ പേരും വിലാസവും | വിസ്തീർണം (ച.മീ.) | 2013-14 വർഷം നിർണ്ണയിച്ച നികുതി |
|---|---|---|---|---|
| 1 | 11/434 A | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 62.41 | 29,490 |
| 2 | 12/210 B | ഡിവിഷണൽ എഞ്ചിനീയർ അടിവാട് | 12.25 | 7,718 |
| 3 | 12/525 A | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 37.21 | 15,629 |
| 4 | 13/330 A | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 32.36 | 15,291 |
| 5 | 8/135 A | ഇൻഡസ് ടവേഴ്സ് കുറുപ്പുകണ്ടം | 15.75 | 9,097 |
| 6 | 6/55 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് പൈമറ്റം | 21 | 13,230 |
| 7 | 6/54 | ഡിവിഷണൽ എഞ്ചിനീയർ പരീക്കണ്ണി | 10.7 | 5,056 |
| 8 | 8/156 A | വയർലെസ് ടി.ടി. ഇൻഫോ സർവീസ് കുറുപ്പുകണ്ടം | 8.64 | 2,722 |
| 9 | 3/253 D | ഇൻഡസ് ടവർ വെള്ളാരമറ്റം | 45.94 | 21,707 |
| ആകെ | | | | 1,19,940 |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 9 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2014-15, 2015-16 വർഷം മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചിട്ടില്ല. താരതമ്യേന വരുമാനം കുറഞ്ഞ പഞ്ചായത്തിന്റെ വലിയ വരുമാന ശ്രോതസ് കാര്യക്ഷമമായി കൈകാര്യം ചെയ്യേണ്ടതാണ്. മൊബൈൽ ടവറുകളുടെ കെട്ടിട നികുതി കുടിശിക സഹിതം ഈടാക്കുവാൻ നടപടിയെടുക്കേണ്ടതാണ്. വസ്തു

നികുതിയുൾപ്പെടെയുള്ള നികുതികൾ പിരിച്ചെടുക്കാനുള്ള കാലാവധി മൂന്നു വർഷമായതിനാൽ പലപ്പോഴും ഇത്തരത്തിൽ തുകകൾ പിരിച്ചെടുക്കാതെ പഞ്ചായത്തിന് വലിയ നഷ്ടമുണ്ടാകുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നുണ്ട്. മുൻവർഷങ്ങളിൽ നികുതി നിർണയിച്ചതിൻ പ്രകാരം 1,19,940/- രൂപ ഈയിനത്തിൽ ഈടാക്കുവാനുണ്ട്. കുടിശിക തുക അതാത് സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് - നഷ്ടം ₹.5,511/-

താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ പെർമിറ്റില്ലാതെ കെട്ടിട നിർമാണം പൂർത്തിയാക്കിയിട്ടുള്ളതാണ്. നിർമാണം റെഗുലറൈസേഷൻ ചെയ്തപ്പോൾ ഫീസ് ഈടാക്കിയ തുകയിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | റെഗുലറൈസേഷൻ നമ്പർ, കെട്ടിടത്തിൻറെ ഉദ്ദേശ്യം | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണം (ച.മീ) | ഈടാക്കിയ തുക, രസീത് നമ്പർ | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| 1 | A2-20/15-16, പൗൾട്രി ഫാം | മുഹമ്മദ് ഷാഫി കുന്നുംപുറത്ത് കുവള്ളൂർ | 105 | 105x10= 1050, 11501102014 dt. 20.2.2016 | 105x15= 1575 | 525 |
| 2 | A2-13/15 dt. 3.12.15, ഗാർഹികം | അനസ് സൈനുദീൻ ചിറക്കണ്ടത്തിൽ | 145.38 | 145.38x6=876, 11501101485 dt. 7.12.2015 | 145.38x9= 1308 | 432 |
| 3 | A2-05/2015, ഓഫീസ് മുറി | ഷാനവാസ് അലി കമ്മലയിൽ | 85.54 | 85.54x10=860, 11501100616 dt. 14.7.15 | 85.54x15= 1283 | 423 |
| 4 | A2-10/2015, ഗാർഹികം | അബ്ദുൾ റഹ്മാൻ തടത്തിക്കുന്നേൽ | 229.62 | 229.62x6= 1380, 11502102548 dt. 29.3.16 | 30.17x9= 2067 | 686 |
| 5 | A2-16/15-16, ഗാർഹികം | സൈനുദീൻ ആലിപ്പിള്ള മുകളേൽ | 105.58 | 105.58x6= 636, 11501100507 dt. 22.6.15 | 105.58x9= 950 | 314 |
| 6 | A2-14/15-16, ഗാർഹികം | വി.പി. മുഹമ്മദ് വാതപ്പിള്ളിക്കുടി | 174.94 | 174.94x6= 1050, 1151101527 dt. 14.12.15 | 174.94x9= 1574 | 524 |
| 7 | A2-16/2015-16, ഗാർഹികം | മുഹമ്മദ് ഹബീബ് എം.എം. മുകളേൽ | 111.95 | 111.95x6= 672, 11501101592 dt. 18.12.15 | 111.95x9= 1008 | 335 |
| 8 | A2-21/15-16, വാണിജ്യം | അബിൻസ് ടി. അലിയാർ | 20.88 | 20.88x10= 210, | 20.88x15= 313 | 103 |

| | | | | | | |
|---|---|---|---|---|---|---|
| | | തുരുത്തേൽ | | 11501102071 dt. 24.2.16 | | |
| 9 | A2-25/15-16, | രുഗ്മിണി ചേന്നാട്ട് | 103.26 | 103.26x6= 624, 11501102610 dt. 19.3.16 | 103.26x9= 929 | 305 |
| 10 | പൗൾട്രി ഫാം | അബ്ദുൾ ഖാദർ പോക്കപ്പള്ളിൽ | 118 | 118x10= 1180, 11501100370 dt. 1.6.15 | 118x15= 1770 | 590 |
| 11 | A2-15/15-16, ഗാർഹികം | മുഹമ്മദ് മീരാൻ മംഗലശ്ശേരിൽ | 170.86 | 170.86x6= 1026, 11501101520 dt. 11.12.2015 | 170.86x9= 1537 | 511 |
| 12 | A2-17/15-16, ഗാർഹികം | അബ്ദുൾ കരീം പാലത്തിങ്കൽ | 256.14 | 256.14x6= 1542, 11501101624 dt. 26.12.15 | 256.14x9= 2305 | 763 |
| | | | | | ആകെ | 5,511 |

കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ, പെർമിറ്റ് ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം, എന്നിവ പ്രകാരം അംഗീകൃത പ്ലാനുകളിൽ നിന്നും വ്യതിയാനമുള്ള സംഗതികളിൽ അടവാക്കിയ പെർമിറ്റ് ഫീസിനു പുറമേ രാജിയാക്കൽ ഫീസ് ഈടാക്കിയാൽ മതിയാകുമെന്നും എന്നാൽ ചട്ടം 144(2) പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ പെർമിറ്റ് പുതുതായി അനുവദിക്കേണ്ടവയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അടവാക്കുവാനുള്ള തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല

പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2015-16 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല:-

1. അമലിപ്പുറം മൾട്ടി സ്പെഷ്യാലിറ്റി ഡെൻറൽ ക്ലിനിക് പല്ലാരിമംഗലം
2. ഈറയ്ക്കൽ മെഡിക്കൽ സ്റ്റോർ അടിവാട്
3. വെളിയത്തുകുടിയിൽ മെഡിക്കൽസ് അടിവാട്

മുൻ വർഷങ്ങളിൽ പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ നേടിയിട്ടുള്ള പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല. പഞ്ചായത്തിന്റെ കീഴിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കൃത്യമായ കണക്കെടുക്കുകയും രജിസ്ട്രേഷൻ പുതുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. രജിസ്ട്രേഷനില്ലാതെയോ പുതുക്കാതെയോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്ഷേമ പെൻഷനുകൾ - ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല - അപാകതകൾ

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ മണി ഓർഡറായി അയയ്ക്കുന്നത്, പെൻഷണർ സ്ഥലത്ത് ഇല്ലാത്തതു കൊണ്ടും മരണമടഞ്ഞതിനാലും, കൈപ്പറ്റാതെ മടങ്ങി വരുന്നുണ്ട്. 5/2016 ൽ മടങ്ങി വന്നതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :-

| ക്രമ നമ്പർ | പെൻഷൻ ഇനം | മടങ്ങി വന്ന തുക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 17,800 |
| 2 | വികലാംഗ പെൻഷൻ | 12,100 |
| 3 | വിധവാ പെൻഷൻ | 21,200 |
| ആകെ | | 51,100 |

യഥാസമയം പെൻഷൻ ലിസ്റ്റിൽ നിന്ന് അനർഹരെ ഒഴിവാക്കാത്തതു മൂലമാണ് ഇത്രയധികം മണി ഓർഡറുകൾ കൈപ്പറ്റാതെ തിരികെ മടങ്ങി വരുന്നത്. ആയതിനാൽ അടിയന്തിരമായി പെൻഷൻ ലിസ്റ്റ് കാലികമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. മണി ഓർഡർ കമ്മീഷൻ ഇനത്തിൽ അധിക തുക പാഴ്ച്ചെലവ് വരുന്ന വിവരം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-2 മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹിച്ച പ്രോജക്ടിലെ അപാകത - ചെലവ് തടസ്സപ്പെടുത്തുന്നു

പല്ലാരി മംഗലം ഗ്രാമ പഞ്ചായത്തിൽ 2015/16ഓഡിറ്റ് വർഷം മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹിച്ച പ്രോജക്ടാണ് ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ. പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെപ്പറയുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,PHC പല്ലാരി മംഗലം |
| പ്രോജക്ട് നം. | S0052/16 വിഭാഗം- ജനറൽ |
| അടങ്കൽ | 100000/- |
| ചെലവ് | 100000/- |
| ചെലവ് വിവരം | ബിൽ നം.2/15-16 തീ.18/9/2015 തുക ₹.50000/-<br>DDNO.672710 തീ.22/9/2015 തുക ₹.50000/-<br>ബിൽ നം.4/15-16 തീ.26/11/2015 തുക ₹.50000/-<br>DDNO.676743 തീ.26/11/2015 തുക ₹.50000/- |

മേല്പറഞ്ഞ തരത്തിൽ 100000/-രൂപയുടെ മരുന്ന് വാങ്ങിയെങ്കിലും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. മരുന്നു വാങ്ങലുമായി ബന്ധപ്പെട്ട് പ്രോജക്ട് രൂപീകരിക്കുമ്പോൾ നോൺ അവയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് 12-ാം പദ്ധതി മാർഗ്ഗരേഖയിൽ [അനുബന്ധം 7(2)] വ്യക്തമാക്കിയിട്ടുള്ളതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വി.ഇ.ഒ.നിർവ്വഹിച്ച പ്രോജക്ടിലെ അപാകത - ചെലവ് തടസ്സപ്പെടുത്തുന്നു

പല്ലാരിമംഗലം ഗ്രാമ പഞ്ചായത്തിൽ 2015/16 ഓഡിറ്റ് വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹിച്ച പ്രോജക്ടാണ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ. പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെപ്പറയുന്നു :-

| | |
|---|---|
| പ്രോജക്ട് നം. | S0018/16 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 500000/- |
| ചെലവ് | 408383/- |
| ചെലവ് രേഖ | ബിൽനം.11/15-16 തീയതി 24/2/2016 തുക ₹.2,00,000/-<br>ബിൽനം.21/15-16 തീയതി 30/3/2016 തുക ₹.2,08,383/- |

5 ഗുണഭോക്താക്കൾക്കായാണ് തുക നൽകിയിരിക്കുന്നത്. കുറഞ്ഞത് 3 സെന്റ് സ്ഥലം വാങ്ങുന്നവർക്ക് ഒരു ലക്ഷം രൂപ എന്നനിരക്കിലാണ് ആനുകൂല്യം നൽകിയത്. ഇപ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് കൃത്യമായല്ല നിർവ്വഹിച്ചിട്ടുള്ളത്.പഞ്ചായത്തിന്റെ 11/9/2015 തീയ്യതിയിൽ നടന്ന മീറ്റിങ്ങിലെ 33/2015(1) നമ്പർ തീരുമാനപ്രകാരം താഴെപ്പറയുന്ന വ്യക്തികളെയാണ് ഗുണഭോക്താക്കളായി നിശ്ചയിച്ചത്.

| ക്രമനം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ആമിന പരീത്,പുത്തൻപുരയിൽ, വാർഡ്-3 |
| 2 | റംല ഷെരീഫ്, പുത്തലത്ത്, വാർഡ്-6 |
| 3 | ഷെഫീക്ക്, തട്ടുക്കുടിയിൽ, വാർഡ് -12 |
| 4 | സജീവ് പി.കെ, പുതുപറമ്പിൽ, വാർഡ്-7 |
| 5 | മൈമൂനത്ത് സുലൈമാൻ ,സ്കൂൾപറമ്പിൽ |

എന്നാൽ 1,5 ക്രമ നമ്പരിൽ പെട്ടവർക്ക് മാത്രം ആനുകൂല്യം നൽകുകയും ബാക്കി മൂന്നു പേരെ ആനുകൂല്യത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. പഞ്ചായത്തിന്റെ 01.03.2016 തീയതിയിൽ നടന്ന മീറ്റിംഗിലെ 84/2016(6) നമ്പർ തീരുമാന പ്രകാരം ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റിയെ മറികടന്ന് താഴെപ്പറയുന്നവരെ ഗുണഭോക്താക്കളായി നിശ്ചയിച്ച് ആനുകൂല്യം നൽകി.

| ക്രമനം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | സൈനബ മനാഫ് വാർഡ്-8 |
| 2 | നെസിയ ജിൻസ്, വാർഡ്-12 |
| 3 | ആമിന കെ.ഇ. വാർഡ്-8 |

ഇപ്രകാരം ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റിയെ മറികടന്ന് ഗുണഭോക്താക്കളെ നിശ്ചയിച്ച് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. 13 വാർഡുകൾ പഞ്ചായത്തിൽ ഉണ്ടായിരിക്കെ എട്ടാം വാർഡിൽ നിന്നും രണ്ട് ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം നൽകിയതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്. മൂന്നു പേരിൽ ആമിന പരീത് കൈപ്പറ്റിയ 80769/- രൂപ നസിയ ജിൻസ് കൈപ്പറ്റിയ 63714/- രൂപ, ആമിന മുഹമ്മദ് കൈപ്പറ്റിയ 63900/- രൂപ ഉൾപ്പെടെ 2,08,383/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 3-4 റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിലെ അപാകതകൾ

2015-16 വർഷത്തിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ.-2014 പ്രകാരമാണ് തയ്യാറാക്കിയിരിക്കുന്നത്. ടാറിംഗ് നടത്തുന്നതിന് ആവശ്യമായ ബിറ്റുമിൻ രണ്ടു തരത്തിൽ മാർക്കറ്റിൽ ലഭ്യമാണ്. VG-10 ബിറ്റുമിനും Vg-30 ബിറ്റുമിനും. ആയതിൻറെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഡി.എസ്.ആർ കോഡ് | ഇനം | ഡി.എസ്.ആർ. പ്രകാരം നിരക്ക് | കൊച്ചിയിലെ മാർക്കറ്റ് നിരക്ക് |
|---|---|---|---|
| 2916 | ബിറ്റുമിൻ VG-10 | 50600/ടൺ | 23769/ടൺ |
| 7309 | ബിറ്റുമിൻ VG-30 | 41000/ടൺ | 27696/ടൺ |

ഈ രണ്ടു വിലകളും 156 k.g. തൂക്കം വരുന്ന പാക്ക്ഡ് ബിറ്റുമിന്റെ നിരക്കുകളാണ്. ബിറ്റുമിൻ ബൾക്കായും ബാരലിൽ നിറച്ചും ലഭ്യമാണ്. പാക്ക്ഡ് ബിറ്റുമിന് ബൾക്കിനേക്കാൾ ഒരു ടണ്ണിന് 3000/- രൂപയിൽ അധികം വിലയുണ്ട്.

(a) പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിൽ ടാറിംഗ് പ്രവൃത്തകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും ബിൽ പാസാക്കി നൽകിയിരിക്കുന്നതും ബാരൽ ബിറ്റുമിൻ VG-30 ൻറെ ഡി.എസ്.ആർ. പ്രകാരമുള്ള നിരക്ക് അനുസരിച്ചാണ്. പ്രവൃത്തി പൂർത്തിയാക്കുമ്പോൾ കൺവീനറിൽ നിന്ന്/ കരാറുകാരനിൽ നിന്ന് ഒഴിഞ്ഞ ടാർ വീപ്പ പഞ്ചായത്ത് തിരികെ വാങ്ങിക്കുകയോ അല്ലെങ്കിൽ ടി ടാർ വീപ്പയുടെ വിലയും (ഒരു വീപ്പ 238 രൂപ) നികുതിയും ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്യേണ്ടതുമാണ്. എന്നാൽ ഇപ്രകാരം തുക കുറവ് ചെയ്തിട്ടില്ല. ഈയിനത്തിൽ പഞ്ചായത്തിന് ധനനഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(b) ചീഫ് എഞ്ചിനീയറുടെ സി.സി. 3/6512/(ബി)/2013 സി.ഇ./തസ്വഭവ ഉത്തരവ് പ്രകാരം ഗുണഭോക്തൃ സമിതികൾ നടത്തുന്ന പ്രവൃത്തികളിൽ ടാറിന്റെ കയറ്റിറക്ക് കൂലിയും മാർക്കറ്റ് നിരക്കും ഉൾപ്പെട്ട യഥാർത്ഥ വില മാത്രമേ നൽകാവൂയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത് ഒരു കിലോ ടാറിന്റെ ഡി.എസ്.ആർ. പ്രകാരമുള്ള വിലയായ 41.00 രൂപയിൽ നിന്നും ടാറിന്റെ യഥാർത്ഥവില 30.50 രൂപ കിഴിച്ചു കിട്ടുന്ന തുക കുറവു ചെയ്തു മാത്രമേ നൽകാവൂ. എന്നാൽ ഇപ്രകാരം ബില്ലിൽ കുറവ് വരുത്താത്തതു മൂലം ഒരു ടണ്ണിന് 10500 രൂപ അധിക ചെലവ് വന്നിട്ടുണ്ട്.

അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച ടാറിൻറെ തൂക്കം | ടാർ ബാരലിൻറെ എണ്ണം N= തൂക്കം/156 | ഈടാക്കേണ്ട വില Nx238+ VAT |
|---|---|---|---|---|
| 1 | പുലിക്കുന്നപ്പടിപ്പാടം, പള്ളിപ്പടി തലൈച്ചംപടി റോഡ്-റീ ടാറിംഗ്<br>കരാറുകാരൻ:വി.സി. ഐസക്<br>എം.ബുക്ക് 44/15-16<br>DD 683544dt 31.3.2016<br>തുക 839167/- | 6142kg | 39 | 9,370 |

| | | | | |
|---|---|---|---|---|
| 2 | സബ് സെൻറർ പടി റോഡ് മനിക്കപ്പടി റോഡ് ടാറിംഗ് വാർഡ് 13<br>കൺവീനർ:അബ്ദുൾ കലാം<br>എം.ബുക്ക് 25/15-16<br>DD 683550dt 31.3.2016<br>തുക 263012/- | 1270kg | 8 | 1,904 |
| 3 | കല്ലരിക്കണ്ടം റോഡ് ടാറിംഗ് വാർഡ് 8<br>കൺവീനർ:പി.എച്ച്. അലി<br>എം.ബുക്ക് 6/15-16<br>DD 681442dt 31.3.2016<br>തുക 252132/- | 1199kg | 7 | 1,666 |
| 4 | 9-ാം വാർഡിലെ വിവധ റോഡുകളുടെ ടാറിംഗ്<br>കരാറുകാരൻ: സഹറുദീൻ കെ.എം.<br>എം.ബുക്ക് 40/15-16<br>DD 682369 dt. 17.3.2016<br>തുക 479271/- | 2220kg | 14 | 3,332 |
| 5 | 10-ാം വാർഡിലെ വിവിധ റോഡുകളുടെ ടാറിംഗ്<br>കരാറുകാരൻ: സഹറുദീൻ കെ.എം.<br>എം.ബുക്ക് 38/15-16<br>DD 682372 dt. 17.3.16<br>തുക 472163/- | 1632kg | 10 | 2,380 |
| 6 | 7ാം വാർഡിലെ വിവിധ റോഡുകളുടെ ടാറിംഗ്<br>കരാറുകാരൻ: സഹറുദീൻ കെ.എം.<br>എം.ബുക്ക് 39/ 15-16<br>DD No. 682368/17.3.16<br>തുക 478684/- | 2223kg | 14 | 3,332 |
| ആകെ | | | | 21,984 |

നഷ്ടമായ തുക ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ നടത്തിയ മറ്റു ടാറിംഗ് പ്രവർത്തികളിൽ നിന്നും ടാർ ബാരലിന്റെ വില ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 വെളിയംകുന്ന് കമ്മ്യൂണിറ്റി ഹാളിനടുത്ത് യുവജന കേന്ദ്രം നിർമിച്ചതിലെ അപാകത നഷ്ടം - ₹.17,643/-

D.D. No. 681565/ dt. 20.3.2016 തുക-408160/-
D.S.R 2014 (13.01% കുറവ്)
എം. ബുക്ക് 29/AE/15-16
കരാറുകാരൻ-യാസർ അറാഫത്ത്

പ്രൊജക്റ്റ് നം. 61/2016

ഈ പ്രവർത്തിയുടെ ഇനം 6 B ക്ലാസ് ജി.ഐ. ഹോളോ പൈപ്പ് ഉപയോഗിച്ച് ഹാൻഡ് റെയിൽ സ്ഥാപിക്കലാണ്. ആയതിന് 50mm, 32 mm വ്യാസമുള്ള പൈപ്പുകൾ ഉപയോഗിച്ചിട്ടുണ്ട്. ആകെ 204.227 kg പൈപ്പിന് 151.1/kg നിരക്കിൽ 38504/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഒരു മീറ്റർ നീളമുള്ള 50mm dia. B ക്ലാസ് ജി.ഐ. ഹോളോ പൈപ്പ് ൻറെ തൂക്കം 4.295 kg/meter എന്നും 32 mm dia. പൈപ്പിൻറെ തൂക്കം 2.671 kg/meter എന്നും കണക്കാക്കിയാണ് ബില്ല് പാസാക്കി നൽകിയിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ മാർക്കറ്റിൽ ലഭ്യമായ ജി.ഐ. പൈപ്പിൻറെ തൂക്കം 50 mm=2kg/meter, 32mm=1.35 kg/meter എന്നിങ്ങനെയാണ്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>നൽകിയത്</u>

a. 50mm dia. G.I പൈപ്പ്
47.55 meter@4.295kg/m=204.22kg
b. 32mm dia. G.I. പൈപ്പ്
19 meter@ 2.671 kg/m= 50.749 kg

ആകെ 254.97 kg

<u>നൽകാവുന്നത്</u>

a. 50mm dia. G.I പൈപ്പ്
47.55 meter@2kg/m=95.1 kg
b. 32mm dia. G.I. പൈപ്പ്
19 meter @1.35 kg=25.65

ആകെ= 120.75 kg

തൂക്കം കണക്കാക്കിയതിൽ അധികം നൽകിയത്. = 254.97-120.75=134.23kg

എസ്റ്റിമേറ്റ് നിരക്ക് 1 kg തൂക്കത്തിന് 151.1/- രൂപ പ്രകാരം =134. 23x151.1=20282

കുറയ്ക്കുക(13.01%) ടെണ്ടർ കുറവ്=2638

ആകെ:20282-2638=17643/-

നഷ്ടമായ തുക ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | നം. | തുക | | തുക |
|---|---|---|---|---|---|
| KWA | പ്രൊ.നം. 059/16 പുലിക്കുന്നപ്പടി കോളനി പൈപ്പ് ലൈൻ നീട്ടൽ | DD No.680729 dt.19.02.2016 SBT,കോതമംഗലം | | 50000 | - |
| KSEB | പ്രൊ.നം. 121/16 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | DD NO.680726 dt.19.02.2016, SBT,കോതമംഗലം | | 67179 | - |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ലോൺ തിരിച്ചടവ് | സർക്കാർ ഉത്തരവ്(സ.നം. 530/2010/LSGD dt. 18.02.2010 | 6994500 | 3507864 | 971950 | 250153 | 2535914 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4111/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2014-15 | 3-1 | 3,600 | ലിജു ടി.എം. എൻ.ആർ.ഇ.ജി.എസ് (എ.ഇ) | 11601101155 തീ. 20.09.2016 |

| | | | | |
|---|---|---|---|---|
| 2014-15 | 2-3 | 511 | പി.എം. മുഹമ്മദ് കുഞ്ഞ് പഴമ്പള്ളിൽ | 11601100888 തീ. 16.08.2016 |
| | ആകെ | 4,111 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,42,67,181 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,17,43,880 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,511 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39,627 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,08,383 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 4184/- | - | എം.എം. ഷംസുദീൻ, സെക്രട്ടറി |
| | 1327/- | - | വി.എസ്. കലാമണി, സെക്രട്ടറി |
| 3-4 | - | 21984/- | കെ.പി.ഷൈലജ,അസി.എഞ്ചിനീയർ |
| 3-5 | - | 17643/- | കെ.പി.ഷൈലജ,അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,00,000 | ഡോ.ലിൻസി നൈനാൻ,മെഡിക്കൽ ഓഫീസർ |
| 3-3 | 2,08,383 | ശ്രീ. ഷൈജു പോൾവി.ഇ.ഒ.,പല്ലാരിമംഗലം |
| ആകെ | 3,08,383 | |

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഓഡിറ്റ്നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എം. ഷംസുദീൻ സെക്രട്ടറി | സെക്രട്ടറി പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് | മണ്ണാന്തറ(H) കൂവള്ളൂർ(PO) പല്ലാരിമംഗലം |

| | | |
|---|---|---|
| വി.എസ്. കലാമണി, സെക്രട്ടറി | സെക്രട്ടറി പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് | പാറക്കപുത്തൻപുര(H) വാരപ്പെട്ടി |
| കെ.പി. ഷൈലജ അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് | ചിറ്റേത്തുകുടി(H) പാനിപ്ര(PO) കോതമംഗലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി-1)25/01 തീയതി 26.09.2001 |
| 1997-98 | എൽ.എഫ്.ഇ.(പി-1)25/01 തീയതി 26.09.2001 |
| 1998-99 | എൽ.എഫ്.ഇ.(പി-1)1520/01 തീയതി 04.05.2012 |
| 1999-00 | എൽ.എഫ്.ഇ.(പി-1)1685 തീയതി 01.11.2012 |
| 2000-01 | എൽ.എഫ്.ഇ.(പി-1)18/05 തീയതി 24.01.2005 |
| 2001-02 | എൽ.എഫ്.ഇ.(പി-1)18/05 തീയതി 24.04.2005 |
| 2002-03 | എൽ.എഫ്.ഇ.(പി-1)207/09 തീയതി 30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി-1)208/09 തീയതി 30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി-1)209/09 തീയതി 30.11.2009 |
| 2005-06 | എൽ.എഫ്.ഇ.(പി-7)234/12 തീയതി 18.02.2012 |
| 2006-07 | എൽ.എഫ്.ഇ.(പി-7)233/12 തീയതി 28.02.2012 |
| 2007-08 | എൽ.എഫ്.ഇ.(പി-7)232/12 തീയതി 28.02.2012 |
| 2008-09 | എൽ.എഫ്.ഇ.(പി-7)231/12 തീയതി 28.02.2012 |
| 2009-09 | എൽ.എഫ്.ഇ.(പി-7)283/11 തീയതി 29.12.2011 |
| 2010-11 & 2011-12 | എൽ.എഫ്.ഇ.(പി-7)1949/13 തീയതി22.11.2013 / 05.12.2013 |
| 2013-14 | എൽ.എഫ്.ഇ.(പി-7)615/2015 തീയതി 08.06.2015 / 16.07.2015 |

| | |
|---|---|
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി .8) 1303/2016)തീയതി. 01.08.2016 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി14)46/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
e-mail:doekm.ksad@kerala.gov.in

തീയതി : 17.01.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX - I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.14)46/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 17.01.2017

Certified that I have audited the Annual Financial Statement of PALLARIMANGALAM Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of PALLARIMANGALAM Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)